**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 299** **27-06-2024 - ൽ മറുപടിയ്ക്ക്**

**അന്തർസംസ്ഥാന സർവീസ് നടത്തുന്ന സ്വകാര്യ ടൂറിസ്റ്റ് ബസുകളുടെ നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. കെ. ബഷീർ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | അന്തർസംസ്ഥാന സർവീസ് നടത്തുന്ന സ്വകാര്യ ടൂറിസ്റ്റ് ബസുകൾ ഉത്സവ സീസണുകളിൽ വൻതോതിൽ നിരക്ക് വർദ്ധിപ്പിക്കുന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (എ) | പരിശോധിച്ചു വരുന്നു |
| (ബി) | എങ്കിൽ അത്തരം ബസുകളുടെ ടിക്കറ്റ് നിരക്കിൽ നിയന്ത്രണം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | പരിശോധിച്ചു വരുന്നു |
| (സി) | ഓൾ ഇൻഡ്യാ പെർമിറ്റിന്റെ മറവിൽ ബുക്കിംഗ് സ്വീകരിച്ച് അന്തർസംസ്ഥാന സർവീസ് നടത്തുന്ന സ്വകാര്യ ടൂറിസ്റ്റ് ബസുകളെ നിയന്ത്രിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | ഇത്തരം വാഹനങ്ങൾ നിരന്തരം പരിശോധിക്കുന്നതിനും നിയമവിരുദ്ധമായി സർവ്വീസ് നടത്തുന്ന ടൂറിസ്റ്റ് ബസ്സുകൾക്കെതിരെ നടപടികൾ സ്വീകരിക്കുവാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മോട്ടോർ വെഹിക്കിൾ അഗ്രഗേറ്റർ ഗൈഡ് ലൈൻസിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഒരു അഗ്രിഗേറ്റർ പോളിസി രൂപീകരിച്ചിട്ടുണ്ട്. ആയതിൻപ്രകാരം അഗ്രഗേറ്റർ ലൈസൻസ് അനുവദിച്ചിട്ടുള്ളവർക്ക് മാത്രമേ ഇന്റർസ്റ്റേറ്റ് ടൂറിസ്റ്റ് ബസുകൾ ഉൾപ്പെടെയുള്ള കോൺട്രാക്ട് കാര്യേജ് ബസുകളിൽ ഓൺലൈനായി വാഹനങ്ങൾ ബുക്ക് ചെയ്യുവാനും യാത്രക്കാരെ ഓൺലൈൻ ബുക്കിംഗിന്റെ അടിസ്ഥാനത്തിൽ യാത്ര അനുവദിക്കുവാനും സാധിക്കുകയുള്ളൂ. ടൂറിസ്റ്റ് ബസുകൾക്കും ടി വ്യവസ്ഥ ബാധകമാണ്. അഗ്രഗേറ്റർ ലൈസൻസ് സ്വീകരിക്കുന്നതിലൂടെ വാഹനങ്ങളെ പൂർണ്ണമായും സർക്കാരിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനും ഇവയുടെ നിരക്കുകൾ നിശ്ചയിക്കാൻ സാധിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ